**കേരള സർക്കാർ**

**പൊതുഭരണ (പ്രോട്ടോക്കോൾ) വകുപ്പ്**

നം. Pro 5/113/2026-GAD തിരുവനന്തപുരം, തീയതി: **04-08-2026**

**<u>സർക്കുലർ</u>**

**വിഷയം:- ദേശീയ ദിനാഘോഷങ്ങൾ — സ്വാതന്ത്ര്യദിനം 2026 — മാർഗ്ഗനിർദ്ദേശങ്ങൾ — സംബന്ധിച്ച്.**

**********************

ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 79-ാം വാർഷികം ഏറ്റവും വർണാഭമായും അന്തസ്സോടെയും ആഘോഷിക്കേണ്ടതാണ്.

സംസ്ഥാന സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സർവകലാശാലകൾ, കോളേജുകൾ, സ്കൂളുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ എല്ലാ ഉദ്യോഗസ്ഥരും ജീവനക്കാരും സ്വാതന്ത്ര്യദിനാഘോഷ ചടങ്ങുകളിൽ പങ്കെടുക്കേണ്ടതാണ്.

**<u>സംസ്ഥാനതലം</u>**

സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരത്ത് സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന സംസ്ഥാനതല സ്വാതന്ത്ര്യദിനാഘോഷ ചടങ്ങിൽ രാവിലെ 9.00 മണിക്ക് ബഹു. മുഖ്യമന്ത്രി ദേശീയ പതാക ഉയർത്തും. ദേശീയ ഗാനാലാപനം, പോലീസ്, കേന്ദ്ര അർധസൈനിക വിഭാഗങ്ങൾ, സൈനിക് സ്കൂൾ, അശ്വാരൂഢ പോലീസ്, എൻ.സി.സി., എൻ.എസ്.എസ്., സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് തുടങ്ങിയ വിഭാഗങ്ങളുടെ പരേഡ്, മുഖ്യമന്ത്രിയുടെ സ്വാതന്ത്ര്യദിന സന്ദേശം, ജീവൻ രക്ഷാ പതക്കങ്ങളുടെയും വിവിധ സേനാവിഭാഗങ്ങൾക്കുള്ള രാഷ്ട്രപതിയുടെ മെഡലുകളുടെയും വിതരണം, വിദ്യാർഥികളുടെ ദേശഭക്തിഗാനാലാപനം എന്നിവ ചടങ്ങിന്റെ ഭാഗമായിരിക്കും.

**<u>ജില്ലാ ആസ്ഥാനങ്ങൾ</u>**

ഓരോ ജില്ലാ ആസ്ഥാനത്തും സംസ്ഥാന മന്ത്രിസഭയിലെ ഒരംഗം രാവിലെ 9.00 മണിക്കോ അതിനുശേഷമോ ദേശീയ പതാക ഉയർത്തേണ്ടതാണ്. ദേശീയ ഗാനാലാപനം, പോലീസ്, ഹോംഗാർഡ്സ്, എൻ.സി.സി., എം.ഡി.ജി. എന്നിവരുടെ പരേഡ്, മന്ത്രിയുടെ സ്വാതന്ത്ര്യദിന സന്ദേശം എന്നിവ ഉൾപ്പെടുന്ന സമാനമായ ചടങ്ങുകൾ സംഘടിപ്പിക്കേണ്ടതാണ്.

**<u>സബ് ഡിവിഷൻ / ബ്ലോക്ക് തലങ്ങൾ</u>**

സബ് ഡിവിഷൻ തലത്തിൽ സബ് ഡിവിഷണൽ മജിസ്ട്രേറ്റും ബ്ലോക്ക് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും രാവിലെ 9.00 മണിക്കോ അതിനുശേഷമോ ദേശീയ പതാക ഉയർത്തേണ്ടതാണ്. തുടർന്ന് വിശിഷ്ടാതിഥിയുടെ സന്ദേശം, ദേശീയ ഗാനാലാപനം എന്നിവ സംഘടിപ്പിക്കേണ്ടതാണ്.

**<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ</u>**

കോർപ്പറേഷനുകളിൽ മേയറും മുനിസിപ്പാലിറ്റികളിൽ ചെയർപേഴ്സണും ഗ്രാമപഞ്ചായത്തുകളിൽ പഞ്ചായത്ത് പ്രസിഡന്റും രാവിലെ 9.00 മണിക്കോ അതിനുശേഷമോ ദേശീയ പതാക ഉയർത്തേണ്ടതാണ്. തുടർന്ന് വിശിഷ്ടാതിഥിയുടെ സന്ദേശം, ദേശീയ ഗാനാലാപനം, ദേശഭക്തിഗാനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കേണ്ടതാണ്.

**<u>ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ സ്ഥാപനങ്ങൾ</u>**

സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപനമേധാവി രാവിലെ 9.00 മണിക്കോ അതിനുശേഷമോ ദേശീയ പതാക ഉയർത്തുകയും ദേശീയ ഗാനാലാപനം നടത്തുകയും വേണം. തുടർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സന്ദേശം, ദേശഭക്തിഗാനാലാപനം തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. സ്വാതന്ത്ര്യദിനാഘോഷ പരിപാടികളിൽ പരമാവധി ജീവനക്കാരുടെയും വിദ്യാർഥികളുടെയും പങ്കാളിത്തം ബന്ധപ്പെട്ട സ്ഥാപനമേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്.

**<u>പൊതുനിർദ്ദേശങ്ങൾ</u>**

1. ദേശീയ പതാക ഉയർത്തുമ്പോൾ ഭാരതത്തിന്റെ പതാകസംഹിത (Flag Code of India), 2002-ലെ വ്യവസ്ഥകൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

2. ദേശീയ ഗാനം ആലപിക്കുമ്പോൾ എല്ലാവരും എഴുന്നേറ്റ് ആദരസൂചകമായി നിൽക്കേണ്ടതാണ്.

3. നാഷണൽ സല്യൂട്ട് നൽകുന്ന അവസരങ്ങളിൽ യൂണിഫോമിലുള്ള എല്ലാ ഉദ്യോഗസ്ഥരും നിർബന്ധമായും സല്യൂട്ട് നൽകേണ്ടതാണ്.

4. പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ച ദേശീയ പതാകയുടെ നിർമ്മാണം, വിതരണം, വിൽപ്പന, ഉപയോഗം എന്നിവ പൂർണമായും നിരോധിച്ചിട്ടുള്ളതാണ്.

5. എല്ലാ ആഘോഷപരിപാടികളിലും ഹരിത പ്രോട്ടോക്കോൾ കർശനമായി പാലിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും സ്ഥാപനമേധാവികളും ഉറപ്പുവരുത്തേണ്ടതാണ്.

**കെ ബിജു ഐ എ എസ്**

സെക്രട്ടറി

പകർപ്പ്

ബഹു. മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർ / സ്പെഷ്യൽ സെക്രട്ടറിമാർ

സെക്രട്ടറി, കേരള ലോക് ഭവൻ

സെക്രട്ടറി, കേരള നിയമസഭ

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ

എല്ലാ ജില്ലാ കളക്ടർമാർക്ക്

എല്ലാ വകുപ്പ് മേധാവികൾക്ക്

രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി

അഡ്വക്കേറ്റ് ജനറൽ, കേരള

ധനകാര്യം, നിയമം ഉൾപ്പെടെയുള്ള സെക്രട്ടേറിയറ്റിലെ എല്ലാ സെക്ഷനുകൾക്കും (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മേധാവികൾക്ക്

എല്ലാ സർവകലാശാലകളിലെയും രജിസ്ട്രാർമാർക്ക്

ഡയറക്ടർ, വിവര-പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചരണത്തിനായി)

വെബ് ആൻഡ് ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി

കരുതൽ ഫയൽ / ഓഫീസ് ശേഖരം (Pro 5/113/2026-GAD)

ഉത്തരവിൻ പ്രകാരം

Digitally signed by
Lijin B V
Date: 05-08-2026
11:59:39

സെക്ഷൻ ഓഫീസർ